# അക്കാദമിക് മാസ്റ്റർ പ്ലാൻ.



ഗവ: എസ്. എൻ. വി.
എൽ. പി. എസ്.
കോവളം.

# സ്കൂൾതല അക്കാദമിക മാസ്റ്റർ പ്ലാൻ

## ആമുഖം

തീരദേശ പിന്നാക്ക മേഖലയിൽ നിൽക്കുന്ന കുട്ടികളാണ് നമ്മുടെ വിദ്യാലയത്തിൽ പഠിതാക്കളായി എത്തുന്നത്. നമ്മുടെ വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും തുല്യതയും ഗുണമേന്മയും ഉള്ളതുമായ വിദ്യാഭ്യാസം ഉറപ്പു വരുത്തേണ്ടത് വിദ്യാലയത്തിന്റെ ഉത്തരവാദിത്തമാണ്. കുട്ടികളുടെ സമഗ്രവികാസവും അതുപോലെ തന്നെ വിവിധ വിഷയങ്ങളിൽ നേടേണ്ട ധാരണകളും ആശയങ്ങളും കുട്ടികൾക്ക് ലഭ്യമാകുന്നതിനും നല്ല മൂല്യബോധവും മനോഭാവങ്ങളും ഉള്ള ഭാവി പൗരന്മാരെ വളർത്തിയെടുക്കുന്നതിനും കഴിയണം. ഒപ്പം പരിസ്ഥിതി സ്നേഹവും ശാസ്ത്രബോധവും യുക്തി ചിന്തയും ഗണിതാദിരുചിയും വളർത്തിയെടുക്കാനും കഴിയണം. ഇതിനായി അധ്യാപകരും രക്ഷിതാക്കളും സമൂഹവും ഒത്തു ചേർന്ന് പ്രവർത്തിക്കണം.

# ലക്ഷ്യങ്ങൾ

## ഭാഷ

* വായന, എഴുത്ത് എന്നീ അടിസ്ഥാനശേഷികൾ ഉറപ്പിക്കൽ
* സ്വന്തം ഭാഷയിൽ ആശയങ്ങൾ പറയുന്നതിനും എഴുതുന്നതിനും
* സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണത്തിന് പ്രാപ്തരാക്കൽ
* സംഘപ്രവർത്തനങ്ങൾ, കളികൾ എന്നിവയിലൂടെ മൂല്യബോധം, പരസ്പര പങ്കിടൽ, സാമൂഹികബോധം എന്നിവ വികസിപ്പിക്കൽ.

## ഗണിതം

* സംഖ്യാബോധം ഉറപ്പിക്കൽ
* സംഖ്യകളെ വ്യാഖ്യാനിക്കാൻ പ്രാപ്തരാക്കൽ
* അടിസ്ഥാന ഗണിതക്രിയകൾ ഉറപ്പിക്കൽ
* പ്രായോഗിക പ്രശ്നപരിഹാരശേഷി ഉറപ്പാക്കൽ.
* ഗണിതം ലളിതമാക്കി മാറ്റൽ.

# പരിസരപഠനം

* പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കൽ.
* ശാസ്ത്ര ബോധം വർധിപ്പിക്കൽ
* ലഘു പരീക്ഷണങ്ങൾ ചെയ്യുന്നതിനുള്ള ശേഷി വളർത്തൽ
* നമ്മുടെ സംസ്കാരത്തെക്കുറിച്ചും പാരമ്പര്യത്തെക്കുറിച്ചുമുള്ള അറിവ് നേടൽ
* മാതൃരാജ്യത്തോടും നമ്മുടെ ദേശീയ ചിഹ്നങ്ങളോടും ആദരവ് വളർത്തിയെടുക്കൽ.

# English.

* Develop hearing and speaking skills.
* Enrich English reading and writing skills.
* Developing English presenting skills.
* Readers theatre activities.

# അവസ്ഥാ വിശകലനം

* കുട്ടികളിൽ ഭാഷാ പരമായ പിന്നാക്കാവസ്ഥയുണ്ട്.
* എഴുത്തിലും വായനയിലും കുട്ടികൾ പിറകിലാണ്.
* അക്ഷരങ്ങൾ, അടയാളങ്ങൾ എന്നിവ ഉറപ്പിക്കണം.
* നേടിയ കഴിവുകൾ പ്രകടിപ്പിക്കാൻ കൂടുതൽ പരിശീലനം നൽകണം.
* സംഖ്യാബോധം, സംഖ്യാ വ്യാഖ്യാനം, പ്രായോഗിക പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹരിക്കുന്നതിനുള്ള പിന്നാക്കാവസ്ഥ പരിഹരിക്കണം.
* English ൽ Speaking, reading, writing എന്നിവയിൽ പിന്നാക്കാവസ്ഥ പരിഹരിക്കണം.
* ലഘു പരീക്ഷണങ്ങൾ സ്വന്തമായി ചെയ്യുന്നതിനും നിഗമനങ്ങൾ രൂപീകരിക്കുന്നതിനും കുട്ടികൾ പിന്നാക്കമാണ്.

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണച്ചുമതല | റിമാർക്സ് |
|---|---|---|---|---|
| | **ഡ്രാമ** | | | |
| 1. വായനയിലെ പിന്നാക്കാവസ്ഥ പരിഹരിക്കൽ. | വായനമൂല, ക്ലാസ്സ് ലൈബ്രറി സജ്ജമാക്കൽ | June | SRG | |
| | വീട്ടുവായന - രക്ഷകർത്താക്കൾ പുസ്തകങ്ങൾ വായിച്ചു നൽകുന്നു. | | രക്ഷിതാവ് | |
| | ഡിജിറ്റൽ സാധ്യതകൾ ഉപയോഗിച്ച് കഥ കേൾക്കൽ കാണൽ | ജൂലൈ | SRG | ICT |
| | കേട്ട കഥകൾ തിരിച്ചു പറയൽ<br>ചിത്രവായന, പരസ്പരം സഹായിച്ച് വായന. | Sept to December | | |
| 5 | ചിത്രവായനകാർഡുകൾ തയാറാക്കൽ | | | |
| | Readers theatre. | January | SRG + രക്ഷിതാവ്. | |

| | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല |
|---|---|---|---|---|
| 2. | എഴുത്തിലെ വിമുഖാവസ്ഥ പരിഹരിക്കൽ. | സചിത്ര ഡയറി<br>സർഗാത്മക ഡയറി<br>ക്ലാസ് ലൈബ്രറിയിലെ പുസ്തക പരിചയം. | ജൂൺ മുതൽ ഫെബ്രുവരി വരെ. | SRG.+ രക്ഷിതാവ്. |
| | | കുറിപ്പുകൾ തയ്യാറാക്കൽ<br>[മരങ്ങൾ, ചെടികൾ, ജീവികൾ etc എന്നിവയെക്കുറിച്ച്] | July to January | SRG + രക്ഷിതാവ്. |
| (3) | സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കൽ | വായിച്ച പുസ്തകങ്ങളിലെ ആശയം പങ്കുവയ്ക്കൽ | ജൂൺ, ജൂലൈ | SRG. Class tr. |
| | | ചിത്രങ്ങളിൽ നിന്ന് ആശയം കണ്ടെത്തി എഴുതൽ പറയൽ.<br>ചിത്ര വിവരണം, പദ്യ വിവരണങ്ങൾ തയ്യാറാക്കൽ<br>വായനാ പരിചയക്കുറിപ്പ് തയ്യാറാക്കൽ | ഓഗസ്റ്റ് മുതൽ ജനുവരി വരെ | SRG. |

| | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണച്ചുമതല |
|---|---|---|---|---|
| 4. | സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണത്തിന് സജ്ജമാക്കൽ. | * കാവ്യാവിഷ്കാരം.<br>* അസംബ്ലിയിലൊരിക്കൽ ബാലസഭ സംഘടിപ്പിക്കൽ<br>* വായനക്കുറിപ്പുകളുടെ അവതരണം.<br>* കഥ/കവിത രചനയ്ക്ക് അവസരം<br>* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ചിത്രരചന, പ്രസംഗം, ഗാനാലാപനം etc മത്സരങ്ങൾ സംഘടിപ്പിക്കൽ.<br>* പഠനോത്സവം | ജൂൺ മുതൽ ഫെബ്രുവരി വരെ<br>വർഷം മുഴുവൻ<br>വർഷം മുഴുവൻ<br>മാർച്ച് | SRG.<br>ക്ലാസ് ടീച്ചർ.<br>,,<br>SRG.<br>PTA.<br>SRG+PTA. |
| | 5. സാമൂഹ്യപ്രവർത്തനങ്ങൾ കുട്ടികൾ തന്നെ വഴിയിലൂടെ സാമൂഹ്യ, സാംസ്കാരിക ബോധം വളർത്തിടൽ. | * ക്ലബ്ബുകൾ [ഹെൽത്ത് ക്ലബ്സ്]<br>* ഫെസ്റ്റ് പ്രവർത്തനങ്ങൾ<br>* ബാലസഭ<br>* ദിനാചരണങ്ങൾ/ആഘോഷങ്ങൾ<br>* ലഹരി വിമുക്ത പ്രവർത്തനങ്ങൾ | വർഷം മുഴുവൻ | SRG<br>PTA. |

# ഗണിതം.

| മേഖലകൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണം. | |
|---|---|---|---|---|
| 1. സംഖ്യാബോധം ഉറപ്പിക്കൽ. | ഓരോ കുട്ടിക്കും ഗണിത പഠനത്തിന് സഹായകമാകുന്ന വസ്തുക്കൾ ഉൾപ്പെടുത്തി ഗണിതകിറ്റ് തയ്യാറാക്കൽ | ജൂൺ, ജൂലൈ | രക്ഷിതാവ് SRG. | |
| 2. സംഖ്യാവ്യാഖ്യാനം. | ഗണിതത്തിന് ഉപയോഗിക്കുന്ന പ്രവർത്തനങ്ങൾ (നിശ്ചിത എണ്ണം എണ്ണിയെടുക്കൽ, കൂട്ടങ്ങളാക്കൽ)<br>- ഗണിതപാട്ടുകൾ<br>- ഗണിതകളികൾ<br>- അബാക്കസ് പ്രവർത്തനങ്ങൾ<br>- സംഖ്യാകാർഡുകൾ<br>- കളിനോട്ടുകൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ<br>- ICT സാധ്യതകൾ<br>- ഉല്ലാസഗണിതം<br>- ഗണിതവിജയം പ്രവർത്തനങ്ങൾ. | വർഷം മുഴുവൻ | SRG | ICT |

| മേഖലകൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണം. |
|---|---|---|---|
| | വലുത് ചെറുത് കണ്ടെത്തൽ<br>മുന്നിൽ, പിന്നിൽ, നടുവിൽ കണ്ടെത്തൽ<br>ആരോഹണ, അവരോഹണ ക്രമം. | | |
| 3. അടിസ്ഥാന ഗണിത ക്രിയകൾ ഉറപ്പിക്കൽ. | ഗണിതകിറ്റിലെ വസ്തുക്കൾ ഉപയോഗിച്ച് ഗണിത ക്രിയകൾ ചെയ്യൽ<br>Ten frame നിർമ്മാണം.<br>സംഖ്യാ ചക്രം.<br>നൈപുണ്യകളി.<br>ഉല്ലാസ ഗണിതം / ഗണിത വിജയം പ്രവർത്തനങ്ങൾ. | വർഷം മുഴുവൻ | SRG<br>PTA |
| 4. പ്രായോഗിക പ്രശ്ന പരിഹാരശേഷി ഉറപ്പാക്കൽ. | നേരബലങ്ങൾ ഒരുക്കൽ<br>ക്ലാസ്സിൽ ഒരു കട<br>കറൻസിനോട് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ<br>ക്ലോക്ക്, ത്രാസ്, അളവുപാത്രങ്ങൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ.. | വർഷം മുഴുവൻ | SRG |

| മേഖലകൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | റിമാർക്ക് |
|---|---|---|---|---|
| 1. പരിസ്ഥിതിസൗഹൃദ മനോഭാവം വളർത്തിയെടുക്കൽ | പരിസരപഠനം<br>പ്രകൃതി നടത്തം<br>പരിസ്ഥിതി ദിനാചരണം വൃക്ഷത്തൈ നടീൽ.<br>സ്കൂളും പരിസരവുമുള്ള സസ്യങ്ങളെ നിരീക്ഷിക്കൽ | ജൂൺ/ ജൂലൈ | SRG<br>PTA. | |
| 2. നിരീക്ഷണശേഷി വളർത്തൽ | ചുറ്റുപാടുമുള്ള മരങ്ങൾ, സസ്യങ്ങൾ നിരീക്ഷിച്ച് പേരെഴുതൽ, കുറിപ്പ് തയ്യാറാക്കൽ, പ്രത്യേകതകൾ തിരിച്ചറിയൽ | ജൂലൈ. | ക്ലാസ് ടീച്ചർ | |
| | ജീവികൾ, വസ്തുക്കൾ ഇവ നിരീക്ഷിച്ച് കണ്ടെത്തിയ കാര്യങ്ങൾ പറയൽ/ രേഖപ്പെടുത്തൽ | ആഗസ്റ്റ് | Tr + രക്ഷിതാവ് | |

| മേഖലകൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണച്ചുമതല | റിമാർക്സ്. |
| --- | --- | --- | --- | --- |
| | പൂന്തോട്ടം നിർമിക്കൽ, പരിപാലിക്കൽ | ഡിസംബർ | PTA | |
| | സ്കൂൾ പരിസരം വൃത്തിയായി സൂക്ഷിക്കൽ | | | |
| | സ്കൂൾ പരിസരത്തെ പരിസ്ഥിതിപ്രശ്നങ്ങൾ കണ്ടെത്തൽ. | മാർച്ച് | SRG. | |
| 3. ശാസ്ത്രാഭിരുചി താല്പര്യം എന്നിവ വളർത്തിയെടുക്കൽ | പരിസ്ഥിതിയെ അറിയാൻ ഫീൽഡ് ട്രിപ്പ്. | | | |
| | ശാസ്ത്രപുസ്തകങ്ങൾ കണ്ടെത്തി വായിക്കൽ | വർഷം മുഴുവൻ | SRG PTA. | ICT |
| | ശാസ്ത്ര ഉപകരണങ്ങൾ നിർമിക്കൽ/പ്രദർശനം | | | |
| | ശാസ്ത്ര സ്ഥാപനങ്ങൾ സന്ദർശിക്കൽ | | | |
| 4. പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടൽ. | കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള പരീക്ഷണങ്ങൾ തിരഞ്ഞെടുക്കുന്നു | ജൂൺ | | |
| = | പരീക്ഷണങ്ങൾ ആസൂത്രണം ചെയ്യുന്നു. | | SRG | |
| | ഉപകരണങ്ങൾ തിരഞ്ഞെടുത്ത് പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | മാർച്ച് | PTA. | |
| | പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു. | | | |

| | മേഖലകൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണച്ചുമതല. | റിമാർക്സ് |
|---|---|---|---|---|---|
| 1. | To speak read and write. | **English.**<br>· Listening<br>Games<br>Action Songs<br>Hello English Activities<br>Stories using ICT<br>E-cube English Activities<br>Speaking<br>Simple dialogues<br>picture reading<br>picture description<br>growing Sentences | June<br>- -<br>March | SRG | ICT |

| മേഖലകൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | [illegible] |
|---|---|---|---|---|
| | Reading<br>Text book activities<br>Read evolving text<br>Reading Cards<br>Reading small Sentences and Stories.<br>Readers Theatre. | June to March | SRG | ICT |
| | Writing<br>Adding more lines<br>Making word webs<br>Riddles<br>Picture description<br>Growing Sentences<br>Making words & Sentences | June to March | SRG | ICT |

# യോഗ , കളരി പരിശീലനം.

കുട്ടികൾ നല്ല ആരോഗ്യമുള്ളവരായി വളർന്നു വരുന്നതിനും അവരുടെ ഏകാഗ്രത വർധിപ്പിക്കുന്നതിനും എല്ലാം ഉതകുന്ന ഒന്നാണല്ലോ യോഗ പരിശീലനം ജൂൺ 21 യോഗദിനത്തിൽ കുട്ടികളുടെ യോഗ പരിശീലനം ആരംഭിക്കുന്ന രീതിയാണ് പിന്തുടരുന്നത്. കുട്ടികളുടെ ബുദ്ധി ശക്തിയുടെ വികാസത്തിനു സഹായമായി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനു യോഗ പരിശീലനം കുട്ടികളെ സഹായിക്കുന്നു.

കളരിപയറ്റ്

നമ്മുടെ സ്വന്തം ആയോധനകലയായ കളരിപയറ്റ് വിദ്യാലയത്തിലെ കുട്ടികളെ പരിശീലിപ്പിക്കുന്നു. അവർക്ക് സ്വയം പ്രതിരോധത്തിനു ആരോഗ്യം മെച്ചപ്പെടുന്നതിനു മെയ്‌വഴക്കത്തിനു ~~യോഗ~~ കളരി പരിശീലനം സഹായിക്കുന്നു..

# ഔഷധ സസ്യത്തോട്ടം

ഈ അധ്യയന വർഷത്തെ പുതുമയുള്ള പ്രവർത്തനമായി തിരഞ്ഞെടുത്തിരിക്കുന്നത് സ്കൂളിൽ ഒരു ഔഷധ സസ്യത്തോട്ടം നിർമ്മിക്കുക എന്നതാണ്. ഇതിലൂടെ കുട്ടികൾ തന്റെ ചുറ്റുപാടുമുള്ള ഔഷധ സസ്യങ്ങൾ തിരിച്ചറിയുന്നതിനും അവയുടെ ഉപയോഗങ്ങൾ മനസ്സിലാക്കുന്നതിനും കഴിയുന്നു. ഇത്തരം സസ്യങ്ങളെ സംരക്ഷിക്കണം എന്ന ബോധ്യവും കുട്ടികളിൽ ഉണ്ടാകുന്നു.

# ഉപസംഹാരം

കുട്ടികൾ നേരിടുന്ന വിവിധ വികാസമേഖലകൾ പരിഗണിച്ചുകൊണ്ട് ഒരു വർഷം നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളാണ് സ്കൂൾ തല അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതോടൊപ്പം ഓരോ ക്ലാസ്സിലും ഈ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ആ ക്ലാസ്സിന്റെ നിലവാരത്തിനനുസരിച്ചാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ഈ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കേണ്ടതുണ്ട്. കൃത്യമായ ആസൂത്രണം വഴി നമ്മൾ ലക്ഷ്യമിട്ട ശേഷികൾ കുട്ടികൾക്ക് നൽകുന്നതിന് കഴിയും എന്ന് പ്രതീക്ഷിക്കുന്നു.